**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും പുനരധിവാസവും വകുപ്പ് - കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് - പ്രവർത്തനങ്ങൾക്കായി ജില്ലാതലത്തിൽ തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.71/07/തൊഴിൽ തീയതി, തിരുവനന്തപുരം, 08.06.2007.

==========================================================================

പരാമർശം:-1. ജി.ഒ.(എം.എസ്) നമ്പർ 29/2007/തൊഴിൽ തീയതി 15.03.2007.

2. സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.37/2007/തൊഴിൽ തീയതി 24.03.2007.
3. സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.43/2007/തൊഴിൽ തീയതി 29.03.2007.
4. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.04.2007 ലെ 102/എ1/സിഇഒ/കെ.എസ്.ഇ.ഡബ്ല്യൂ.ഡബ്ല്യൂ. എഫ്.ബി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ വിജ്ഞാപനം പ്രകാരം, സർക്കാർ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയും പരാമർശം (2) ലെ വിജ്ഞാപനം പ്രകാരം, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (3) ലെ ഉത്തരവ് പ്രകാരം, കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി അഞ്ചു തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തുടങ്ങണമെങ്കിൽ ആവശ്യമായ സ്റ്റാഫിനെ ജില്ലാതലത്തിൽ നിയമിക്കേണ്ടതുണ്ടെന്നും അതിലേയ്ക്കായി ഡിസ്ട്രിക്റ്റ് എക്സിക്യൂട്ടീവ് ഓഫീസർ, ജൂനിയർ സൂപ്രണ്ട്, യു.ഡി.ക്ളാർക്ക്, എൽ.ഡി.ക്ളാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ, പാർട്ട്-ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ഒരെണ്ണം വീതം എല്ലാ ജില്ലകളിലും അനുവദിക്കണമെന്ന് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) ലെ കത്ത് മുഖേന അപേക്ഷിച്ചിരുന്നു. കൂടാതെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒരു ഫിനാൻസ് ഓഫീസർ, എക്സിക്യൂട്ടീവ് ഓഫീസർ (ഹെഡ് ക്വാർട്ടേഴ്സ്) എന്നീ തസ്തികകൾ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യവും വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പള ഇനത്തിലോ മറ്റോ യാതൊരു സാമ്പത്തിക സഹായവും സർക്കാർ നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ ബോർഡിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി അഞ്ച് ജില്ലാ ഓഫീസുകളും സ്റ്റാഫും ഹെഡ് ക്വാർട്ടേഴ്സ് സ്റ്റാഫും താഴെ പറയും പ്രകാരം സൃഷ്ടിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1. | ഫിനാൻസ് ഓഫീസർ (അക്കൗണ്ട്സ് ഓഫീസർ ലെവലിൽ) | 1 | 12250-19800 |
| 2. | എക്സിക്യൂട്ടീവ് ഓഫീസർ (ഹെഡ് ക്വാർട്ടേഴ്സ്) | 1 | 11910-19350 |
| 3. | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ (5 ജില്ലകൾക്ക് 1 വീതം) | 5 | 11910-19350 |
| 4. | എൽ.ഡി.ക്ളാർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ (2 വീതം) | 10 | 4990-7990 |
| 5. | പ്യൂൺ (1 വീതം) | 5 | 4300-5930 |
| | ആകെ 22 തസ്തികകൾ | | |

4. ഈ തസ്തികകളിലേയ്ക്ക് തൽക്കാലത്തേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ പാർട്ട്-ടൈം സ്വീപ്പർ തസ്തിക സ്വീപ്പിങ്ങ് ഏരിയ അനുസരിച്ച് സൃഷ്ടിക്കാവുന്നതാണ്. എസ്റ്റാബ്ളിഷ്മെന്റ്സ് ചാർജ്ജ്, ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളത് പോലെ ഏഴ് ശതമാനത്തിനുള്ളിൽ നിർത്തേണ്ടതാണ്.

5. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകൾ താഴെ പറയും പ്രകാരം ആരംഭിക്കുന്നതിനു അനുമതി നൽകുന്നു.

| <u>ജില്ലാ ആസ്ഥാനം</u> | | <u>അധികാര പരിധി</u> |
|---|---|---|
| 1. കൊല്ലം | – | കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ. |
| 2. എറണാകുളം | – | എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾ. |
| 3. തൃശ്ശൂർ | – | തൃശ്ശൂർ, പാലക്കാട് ജില്ലകൾ. |
| 4. കോഴിക്കോട് | – | കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകൾ. |
| 5. കണ്ണൂർ | – | കണ്ണൂർ, കാസറഗോഡ് ജില്ലകൾ. |

6. കൂടാതെ തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ അധിക ചുമതല ബോർഡിന്റെ ആസ്ഥാന ഓഫീസിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകുന്നതിനും അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സി.കെ.വിശ്വനാഥൻ,
ഗവൺമെന്റ് സെക്രട്ടറി.

To

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, രാജധാനി ബിൽഡിംഗ്സ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഡി.ബി.സെൽ), കേരളം, തിരുവനന്തപുരം. (ഈ ഉത്തരവ് പുറപ്പെടുവിക്കുവാൻ ധനകാര്യ വകുപ്പിന്റെ സമ്മതമുണ്ട്)
ധനകാര്യവകുപ്പ് (18-05-2007 ലെ 37796/എച്ച് & എൽ-ബി 1/07/ധന. നമ്പർ കുറിപ്പ് പ്രകാരം).
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, ഗവൺമെന്റ് വെബ് സൈറ്റ്, സെക്രട്ടറിയേറ്റ് അനക്സ്.
തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തൊഴിലും പുനരധിവാസവും (പി.എസ്) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.